English, Malayalam + 11 ഇന്ത്യ ഭാഷകളിൽ ലഭ്യമാണ്

# ഇന്ത്യക്ക് ഒരു ഏകമുഖ കർമ്മപരിപാടി

## ഒരു *India 1st* ഇനിഷ്യേറ്റിവ്




### 1. ''സ്വന്തം നാടിന്റെ'' ചൂടും ചൂരുമുള്ള, *തികച്ചും സ്വദേശിയായ ഫലപ്രദമായ മാനവ മൂലധനമാണ് ഉത്തരം!*

സ്വകാര്യ, പൊതുമേഖലകൾ ഉൾപ്പെടെ നമ്മുടെ രാജ്യ കാര്യങ്ങൾ കൊണ്ടുനടത്തുന്നതിന് ചെലവു കുറഞ്ഞതും ഏറ്റവും ഗുണ മേന്മയുള്ളതുമായ ഫലസിദ്ധിയുള്ള സ്വദേശി മാനവശേഷി എല്ലായ്പ്പോഴും പ്രയോജനപ്പെടുത്താൻ ഇന്ന് നമുക്ക് കഴിയുന്നില്ല.

***ഇന്ത്യക്കാരുടെ ഭാവി തലമുറകൾ ഇന്ത്യയുടെ ചരിത്രം വായിക്കു-മ്പോൾ 1947 മുതൽ 2002 വരെയുള്ള 55 വർഷക്കാലം ഇന്ത്യയുടെ അതിവേഗപുരോഗതി തടഞ്ഞുനിർത്തിയ കാരണങ്ങളിൽ ഒന്നായി ഇത് കണക്കാക്കപ്പെടും***

*1100 ദശലക്ഷ ജനങ്ങൾ! എന്നാൽ നാടു നന്നാക്കാനും ലോക നിലവാരത്തിലേയ്ക്ക് ഉയർത്താനും കെൽപ്പുള്ള മികവുറ്റ ഒരു ടീമിനെ തിരഞ്ഞെടുക്കാൻ നമുക്കാവുന്നില്ല.*

**എത്ര പണവും എത്ര മികച്ച സങ്കേതിക കഴിവുകളും ഉണ്ടായാലും ഫലപ്രദമായ മനുഷ്യ മൂലധനത്തിന് പകരം വയ്ക്കാൻ ആവില്ല.** യഥാർത്ഥത്തിൽ ഫലപ്രദമായ മാനവശേഷിയുള്ള ടീമുകൾക്കു മാത്രമെ മറ്റെല്ലാ വിഭവശേഷികളും ഇന്നത്തെ മത്സരക്ഷമമായ ആഗോള സാഹചര്യങ്ങളിൽ ഒരുക്കി പ്രവർത്തന സന്നദ്ധമാക്കാൻ കഴിയൂ. **നേരെ തിരിച്ച് ഒട്ടു സാദ്ധമല്ലാതാനും.**

### 2. സമ്പദ്ഘടനയുടെ സാക്ഷാൽ ''എൻജിൻ''

ഇന്ത്യയുടെ സമ്പദ്ഘടനയിൽ **സംഘടിത മേഖലയെയാണ്** 'എൻജിൻ' ആയി സങ്കല്പിച്ചിരിക്കുന്നത്. ഇതിന് ലോക നിലവാരമുണ്ടായിരിക്കണം. ഏകദേശം 18 മില്യൻ ആളുകൾ പൊതുമേഖലയിലും ഏകദേശം 9 മില്യൻ ആളുകൾ സംഘടിത സ്വകാര്യ മേഖലയിലും ജോലി ചെയ്യുന്നു. *അങ്ങനെ സംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവർ ഏകദേശം 27 മുതൽ 28 മില്യൻ വരും.*

**ഇവർ ചുമതലപ്പെട്ടവരും ഉത്തരവാദിത്വ ബോധമുള്ളവരും ആയിരി ക്കണം.** കാര്യക്ഷമത, സദ്ഭരണം മികച്ച ഭരണ നിർവ്വഹണം എന്നിവയിൽ മാതൃകയാവണം. ഇന്ത്യയുടെ ഭരണാവശ്യങ്ങൾക്ക് മൂലധന അക്കൗണ്ടിലും **റവന്യൂ അക്കൗണ്ടിലും കൂടി കേന്ദ്രത്തിലും സംസ്ഥാന തലത്തിലുമായി ഏകദേശം www.Loksatta.org-ന്റെ 2300 കോടി രൂപയാണ് പ്രതി ദിനം ചെലവഴിക്കപ്പെടുന്നത്.** ജനങ്ങൾക്കാവശ്യമായ സംരക്ഷണം ലഭിക്കാൻ ഇത് ഉതകണം. പണം ശരിയായ വിധത്തിലാണ് ചെലവഴിക്കപ്പെടുന്നതെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെടണം.

ഈ മേഖലയുടെ സുപ്രധാന ലക്ഷ്യം ജനങ്ങൾക്ക് പ്രയോജന പ്രദമായ വിധത്തിലും ഏറ്റവും മികച്ച രീതിയിലും ഇന്ത്യയുടെ ഭരണം നടത്തലും നിയന്ത്രിക്കലുമാണ്. കാര്യക്ഷ തയും ലോകോത്തര നിലവാരവുമുണ്ടെങ്കിൽ മാത്രമെ തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, സമ്പദ്ഘടന എന്നീരംഗങ്ങളിൽ ജനോപകാര പ്രദമായ രീതിയിൽ ഭരണകൂടത്തിന് പ്രവർത്തിക്കാൻ കഴിയൂ. സാമ്പത്തിക പരിഷ്കാരങ്ങൾക്ക് ദിശാബോധവും നേതൃത്വം നൽകേണ്ടത് അവരാണ്. രാജ്യത്ത് ഓരോ വർഷവും 28 മില്യൻ ആളുകൾ ജനിക്കുന്നു, 9 മില്യൻ മരിക്കുന്നു.

**കേന്ദ്ര-സംസ്ഥാന സർക്കാരുകളിലെ 18 മില്യൻ ജീവനക്കാർ ലോകോത്തര നിലവാരം പാലിക്കണം, അങ്ങേയറ്റം ഫലപ്രദമായി പ്രവർത്തിക്കണം. കാരണം** ഇന്ത്യയിലെ 1100 മില്യൻ ജനങ്ങളാണ് അവരെ ആശ്രയിച്ചു ജീവിക്കുന്നത് !

### 3. ഇന്ത്യക്കാരുടെ മനുഷ്യശേഷി ലോകത്തിന്റെ ആദരം, പ്രശംസപിടിച്ചു പറ്റുന്നു, എന്നാൽ ഇന്ത്യയിലോ !

ലോകത്തെ ഏറ്റവും മികച്ച മാനവ ശേഷികളിൽ ചിലത് നമുക്കുണ്ട് എന്നാൽ താഴെ വിവരിക്കുന്ന ചില പരിമിതികൾ കാരണം **ഇന്ത്യക്കകത്ത് അത് നമുക്ക് കാര്യക്ഷമമായി പ്രയോജനപ്പെടുത്താൻ പലപ്പോഴും കഴിയുന്നില്ല !**

നിർമ്മാണ രംഗത്തായാലും സേവന രംഗത്തായാലും ലോകത്തെ ഏറ്റവും വലിയ സ്ഥാപനങ്ങളിൽ ചിലത് നയിക്കുന്നത് ഇന്ത്യക്കാരാണ്. പല രാജ്യങ്ങളിലും ഉപദേശകരായി ഇന്ത്യക്കാർ പ്രവർത്തിക്കുന്നു. ഭരണ നിയന്ത്രണത്തിലും ഭരണ നിർവണത്തിനും **ഏറ്റവും മികച്ച ടീമിനെ ആർക്ക് അണ് നിർത്താൻ കഴിയുന്നുവോ അവരായിരിക്കും വിജയികൾ.**

ഇക്കാലത്ത് ലോകത്തെവിടെയും ഏറ്റവും നല്ല രാഷ്ട്രീയക്കാർ ആദ്യം സംസാരിക്കുന്നത് സാമ്പത്തിക ശാസ്ത്രമാണ്. **നല്ല രാഷ്ട്രീയക്കാരും നേതാക്കളും പറയുന്നത് പ്രവർത്തിക്കും.**

**ഇന്ത്യ ആഗോള വിപണികളിൽ മത്സരക്ഷമത നേടേണ്ടതുണ്ട്.** ഇന്ത്യയുടെ ലോകവ്യാപാരം വെറും 0.8% ശതമാനമാണ്. അതേ സമയം ജനസംഖ്യ ലോകജനസംഖയുടെ 17% വരും. ഇന്ത്യയുടെ ജിഡിപി ലോക ജിഡിപിയുടെ 1.8% മാത്രമാണ്. **ഇന്ത്യയിൽ ഉൽപന്നങ്ങൾക്കും സേവനങ്ങൾക്കും ആവശ്യം ഏറെയുണ്ട്. എന്നാൽ അതിനനുസരിച്ചുള്ള വാങ്ങൽ ശേഷി ജനങ്ങൾക്കില്ല.** ശരാശരി ആളോഹരി വരുമാനം ദിവസം വെറും **1.82 യു.എസ്. ഡോളർ** മാത്രം! *ദാരിദ്ര്യരേഖയെപ്പറ്റിയുള്ള ലോകബാങ്കിന്റെ നിർവ്വചനം അനുസരിച്ച് പ്രതിദിനം* **1 യു.എസ്. ഡോളർ** എന്നുള്ളത് പുതുക്കി പ്രതിദിനം **2 യു.എസ്. ഡോളർ** എന്നാക്കിയിട്ടുണ്ട്.

അതി ജീവനത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കു ന്നതിനും ഇന്ത്യയിലെ **തൊഴിൽ നിയമങ്ങൾ** നമ്മളുമായി മത്സരിക്കുന്ന ഏഷ്യ്യ ലെയും ലാറ്റിൻ അമേരിക്കയിലെയും മദ്ധ്യ ഏഷ്യയിലെയും മറ്റു രാജ്യങ്ങ ളുമായി തുല്യമാക്കേണ്ടതുണ്ട്.

### 4. ഇന്ത്യയുടെ പ്രശ്നങ്ങൾക്കുള്ള കാരണങ്ങൾ

**സ്ഥാപനത്തിന്റെയും രാജ്യത്തിന്റെ തന്നെയും താൽപര്യങ്ങൾ ബലികഴിച്ചു കൊണ്ടാണ് നമ്മൾ ചിലപ്പോൾ ചില ജീവനക്കാരെ സംരക്ഷിക്കാൻ മുതിരുന്നത്.** ഇന്ത്യൻ ഭരണഘടനയുടെ 311-ാം വകുപ്പ് കേന്ദ്ര, സംസ്ഥാന ഗവണ്മെന്റ് ജീവനക്കാർക്ക് സംരക്ഷ ം നൽകുന്നു.

ഇന്നത്തെ സാഹചര്യങ്ങളിൽ **അഭിലഷണീയമല്ലാത്തതുകൊണ്ട്** ഈ വകുപ്പ് ഭേദഗതി ചെയ്യേണ്ടതുണ്ട്. കാരണം ഇത് സംരക്ഷണം നൽകുന്നത് കേവലം 1.7% (18 മില്യൻ) കേന്ദ്ര സംസ്ഥാന ജീവനക്കാർക്കും പരോക്ഷ ായി സംഘടിത സ്വകാര്യ മേഖലയിലെ (9 മില്യൻ) ജീവന ക്കാർക്കും മാത്രമാണ്. ഇത് ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 2.6% (27 മില്യൻ) മാത്രമേ വരൂ.

***ജോലി ചെയ്താലും ഇല്ലെങ്കിലും ജോലി നഷ്ടപ്പെടുമെന്ന പേടിയില്ല !***

ചിലപ്പോൾ ഈ ജീവനക്കാർ ജീവിതകാലം മുഴുവൻ ജോലി സംരക്ഷണം ആവശ്യപ്പെടുന്നു. അത് നേടിയെടുക്കുകയും ചെയ്യുന്നു, താഴെ പറയുന്ന സാഹര്യങ്ങളിൽപ്പോലും:

1. ജോലി ചെയ്താലും ഇല്ലെങ്കിലും.
2. സത്യസന്ധരായാലും കോഴവാങ്ങുന്നവരായാലും, കോഴ വാങ്ങു മ്പോൾ പിടിക്കപ്പെട്ടാലും.
3. ഹാജരല്ലെങ്കിലും ഹാജർ വച്ചാലും.
4. കാര്യക്ഷ തയുള്ളവരായാലും അല്ലെങ്കിലും.
5. സ്വന്തം ജോലി - കരാർ അടിസ്ഥാനത്തിൽ മറ്റുള്ളവരെ ക്കൊണ്ട് ചെയ്യിച്ചാലും.
6. മനപ്പൂർവ്വം പൊതുമുതൽ നശിപ്പിച്ചാലും.
7. എല്ലാ വർഷവും 15 ദിവസംവീതം രോഗാവധി എടുക്കും! എല്ലാ വർഷവും മുറതെറ്റാതെ, അതും കൃത്യം 15 ദിവസത്തേയ്ക്ക് രോഗബാധിതനാകുക അസാദ്ധ്യമാണ്. (ഒരു വർഷം 15 ദിവസം രോഗചികിത്സാവധി എന്ന സങ്കൽപത്തിൽ)
8. അതേ സ്ഥാപനത്തിന്റെ ഉള്ളിൽത്തന്നെ പുനഃ പരിശീലനം, സ്ഥലമാറ്റം, പുനഃസംഘടന തുടങ്ങി ഉത്പാദനശേഷി വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ പരിമിതപ്പെടുത്തും.
9. മാനേജ്മെന്റുകളിൽ സമ്മർദ്ദം ചെലുത്താൻ പൊതു സ്ഥാപനങ്ങളിൽ തൊഴിൽ തടസപ്പെടുത്തും. പൊതുമുതൽ നശിപ്പിക്കും, അട്ടിമറികൾ നടത്തും.

ചില സുപ്രധാന വിഭാഗങ്ങൾക്ക് ഇത്തരത്തിൽ സംരക്ഷണം നൽകിയാൽ ഒരു രാജ്യത്തിനും പുരോഗതി കൈവരിക്കാൻ കഴിയില്ല! **ഇന്ത്യയുടെ ജനസംഖ്യയിൽ 1.7% ഒരു വോട്ടു ബാങ്ക് പോലും ആകുന്നില്ല.**

മന്ത്രിമാരെയും, എംപിമാരെയും, എംഎൽഎമാരെയും മുനിസിപ്പൽ കൗൺസിലർമാരെയും എല്ലാം 5 വർഷം കഴിയുമ്പോൾ, ചിലപ്പോൾ അതിനുമുമ്പും ജനഹിതം അനുസരിച്ച് മാറ്റാം.

*ഇന്നത്തെ വ്യവസ്ഥിതിയിൽ കേന്ദ്ര, സംസ്ഥാന ഗവണ്മെന്റുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് അവരുടെ പ്രവർത്തന നിലവാരം എന്തുതന്നെയായാലും ജീവിതകാലം മുഴുവൻ ജോലിസ്ഥിരത നൽകി യിരിക്കുകയാണ്.*

## 5. ഇന്ത്യക്കൊരു കർമ്മപദ്ധതി

***പൗരന്മാരെ ചൂഷണത്തിൽന്നിന്നും സംരക്ഷിക്കാൻ ഇന്ത്യക്കൊരു 'തൊഴിലാളി നയം' ആവശ്യമാണ്.***

**ജോലി സ്ഥിരത ആവശ്യംതന്നെ,** എന്നാൽ പ്രതീക്ഷക്കൊത്ത് ഉയരാത്ത, ജോലി സംസ്കാരത്തിലും ജോലിധർമ്മങ്ങളിലും സാധാരണ നിലവാരം പുലർത്താത്ത ജീവനക്കാർക്കല്ല സ്ഥിരത നൽകേണ്ടത്. പ്രത്യേകിച്ചും 40 മുതൽ 45 മില്യൻ തൊഴിലില്ലാത്തവർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളിൽ പേര് റജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുമ്പോൾ. കഴിവും ആരോഗ്യവുമുള്ള തൊഴിൽ രഹിതരുടെ എണ്ണം യഥാർത്ഥത്തിൽ ഇതിന്റെ 2 മുതൽ 6 മടങ്ങ് വരും. (ഞങ്ങളുടെ മതിപ്പ് കണക്ക്)

ഇതിൽ **ചീഫ് എക്സിക്യൂട്ടിവ്** അല്ലെങ്കിൽ **ചെയർമാൻ** മുതൽ കൂലിവരെയുള്ളവർ ഉൾപ്പെടും. **തൊഴിൽനിയമം** എന്ന വാക്കുതന്നെ 19-ാം നൂറ്റാണ്ടിലേതാണ്. **ജീവന നിയമം** അല്ലെങ്കിൽ ഉദ്യോഗ നിയമം എന്നാണ് ഇപ്പോൾ വേണ്ടത്. മാദ്ധ്യമങ്ങളിലെ പൊതുചർച്ചകൾ വഴിയും പാർലിമെണ്ടുവഴിയും ജനങ്ങളും ഭരണനേതാക്കളും ചേർന്ന് ഒരു കർമ്മപരിപാടിക്ക് രൂപം കൊടുക്കണം..

*റിട്രഞ്ച്മെന്റിനെപ്പറ്റി ഒരു ദേശീയ നയം രൂപീകരിക്കാൻ ആവശ്യപ്പെടുകയല്ല ഞങ്ങൾ. ജീവനക്കാരെ കൂട്ടലും കുറയ്ക്കലും റിട്രഞ്ച്മെന്റ് തുടങ്ങിയ കാര്യങ്ങളെപ്പറ്റി ഓരോ സ്ഥാപനത്തിനും തീരുമാനമെടുക്കാൻ സ്വാതന്ത്ര്യം വേണം.* ***ആരോഗ്യമുള്ള സ്ഥാപനങ്ങൾക്കേ പുതിയ തൊഴിൽ സൃഷ്ടിക്കാൻ കഴിയൂ.***

*നാലാമത്തെ പാരാഗ്രാഫിൽ പറയുന സാഹചര്യങ്ങളിൽ ജീവനക്കാരെ മാറ്റാൻ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം വേണം. പ്രത്യേകിച്ചും #4 (2), (3), (5) (6) & (7) എന്നീകാരണങ്ങൾ പ്രകാരം.*

***നിങ്ങൾ തീരുമാനിക്കൂ!* ഈ ഏക കാര്യ കർമ്മപദ്ധതി ഇന്ത്യയിലെ 1100 മില്യൻ ജനങ്ങളുടെ അന്തർലീനമായ കർമ്മശേഷി കെട്ടഴിച്ചുവിടും.**

ഈ സാഹചര്യങ്ങളിൽ **സദ്ഭരണവും സമർത്ഥമായ ഭരണവും** ഉള്ള കാര്യക്ഷ തയുള്ള ഒരു രാഷ്ട്രം നമുക്കെങ്ങനെ കെട്ടിപ്പടുക്കാം? 48 പേജുള്ള ഞങ്ങളുടെ ലഘുപുസ്തകമായ **''ട്രാൻസ്ഫോമിങ്ങ് ഇന്ത്യ''**യിൽ വിശദീകരി ക്കുന്നപോലെ യുക്തമായ **കർമ്മപദ്ധതികൾ** മുഖേന **രാജ്യത്തിന്റെ പ്രവർത്തനം ചിട്ടപ്പെടുത്തണം.** ബാക്കിയെല്ലാം തനിയെ ശരിയായിക്കൊള്ളും. **ട്രാൻസ്ഫോമിംഗ് ഇന്ത്യ** ഒരു കോപ്പി 50 രൂ. വിലയിൽ ലഭ്യമാണ്. *"i Watch"* ന്റെ പേരിലുള്ള ഡിമാണ്ട് ഡ്രാഫ്റ്റ് മുംബെയിൽ മാറ്റത്തക്ക വിധത്തിൽ താഴെ പറയുന്ന വിലാസത്തിൽ അയക്കുക.

കൂടുതൽ വിവരങ്ങൾക്ക് ദയവായി ഞങ്ങളുടെ **www.wakeupcall.org** വെബ്സൈറ്റ് സന്ദർശിക്കുക. **''ഇന്ത്യക്ക് ഒരു ഏകമുഖ കർമ്മപരിപാടി''** എന്ന ലഘുലേഖയുടെ കോപ്പികൾ ഇംഗ്ലീഷ്, ഹിന്ദി, ഗുജറാത്തി, മറാത്തി, ബങ്കാളി, മലയാളം, ഉറുദു, തമിൾ, തെലുഗു, കന്നടം, ഒറിയാ, പഞ്ചാബി, അസ്സാമീസ് എന്നീഭാഷകളിൽ ലഭ്യമാണ്.

48 പേജുള്ള ഞങ്ങളുടെ ലഘുപുസ്തകം **''ട്രാൻസ്ഫോമിങ്ങ് ഇന്ത്യ''** നിങ്ങൾക്ക് ഞങ്ങളുടെ വെബ്സൈറ്റിൽനിന്നും ഇംഗ്ലീഷ്, ഹിന്ദി, ഗുജറാത്തി, മറാത്തി, ബങ്കാളി, മലയാളം, ഉറുദു, തമിൾ, തെലുഗു, കന്നടം, ഒറിയാ, പഞ്ചാബി, അസ്സാമീസ് എന്നീഭാഷകളിൽ ലഭ്യമാണ്.


# *i Watch*

Edited, Published and Printed for *i Watch* by Krishan Khanna. He is from IIT, Kharagpur. Between 1961 to 1992 he was responsible for 14 joint ventures and business partnerships with 14 different countries around the World. In 1993 he took 'Sanyas' from business for **Nation Building** and **Transforming INDIA**.

Krishan Khanna is Chairman - Vocational Education & Training Committee – **EPSI,** Educational Promotion Society of India, New Delhi. Co-Chairman - Committee on Education & Industry Co-operation, - **PHDCC&I,** New Delhi, Member - CII National Committee on Education, New Delhi, Director - Vocational Services, **Rotary International,** Rotary District 3140, Bombay Mid Town, Bombay, Member **Planning Commission** Committee on Secondary Education & Vocational Education, New Delhi, Member 11th Plan Committee of **IGNOU,** New Delhi, Advisor - Vocational Education & Training, Times Foundation, New Delhi, Member **FICCI** National Committee on Education, New Delhi, **ASSOCHAM** National Committee on Education, New Delhi, Member 11th Plan Working Group of the **Ministry of HRD,** New Delhi and Member of the Board of the **AICTE,** New Delhi. The views and opinions expressed are Krishan Khanna's personal views and some points may not be accepted by some or all of the above mentioned organizations. Feedback & comments to *i Watch* 211, Olympus, Altamount Road, Mumbai 400 026. Email krishan@wakeupcall.org Website: www.wakeupcall.org Tel +91 22 2353 5466, Fax +91 22 2353 6782.

*INDIA 1st* is a division of *i Watch*


**വായനക്കാരനുള്ള സന്ദേശം:** **ഈ പ്രസിദ്ധീകരണം ദയവായി നിങ്ങളുടെ സുഹൃത്തുക്കൾക്കും സഹപ്രവർത്തകർക്കു അടുത്തുള്ള സ്ക്കൂളിലെയോ കോളേജിലെയോ ഒരു അദ്ധ്യാപകനും നൽകുക.**

Organizations which have supported us in the past